പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2150 12-02-2013-ൽ മറുപടിയ്ക്ക്

ജനപ്രതിനിധികളുടെയും നേതാക്കളുടെയും ഫോൺ ചോർത്തൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളുടെയും ഫോൺ കോളുകൾ ചോർത്തുന്നതിന് പോലീസിനെ അനുവദിക്കാൻ പര്യാപ്തമായ നിലയിലുള്ള സന്ദർഭങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ടോ; എങ്കിൽ, അനിവാര്യമായ സന്ദർഭങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഫോണും ഇ-മെയിലും ചോർത്താൻ നിയമാനുസൃതമായ അനിവാര്യസന്ദർഭങ്ങളേയും ഇത് സംബന്ധിച്ച നിയമവ്യവസ്ഥകളേയും സംബന്ധിച്ച് വിശദമാക്കാമോ; | (എ) യും (ബി) യും<br><br>പൊതുസുരക്ഷയും അടിയന്തിരസ്ഥിതിയും മുൻനിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ, കേസന്വേഷണം മുതലായ കാര്യങ്ങൾ പരിഗണിച്ച് 1985-ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69, ഈ നിയമങ്ങളുടെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടാണ് ടെലഫോൺ/ഇ-മെയിൽ വഴിയുള്ള ആശയവിനിമയം നിരീക്ഷണത്തിൽ വയ്ക്കുന്നതിന് സംസ്ഥാന പോലീസിലെ ഐ.ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന ശുപാർശയിന്മേൽ ആഭ്യന്തര വകുപ്പ് അനുമതി നൽകുന്നത്. അതീവരഹസ്യസ്വഭാവമുള്ളതായതിനാൽ ഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് അനുമതി നൽകിയ സന്ദർഭങ്ങൾ ഏതൊക്കെയായിരുന്നു എന്നത് സംബന്ധിച്ച് വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| (സി) നിയമാനുസൃതമായി ആരുടെയെങ്കിലും ഫോണും ഇ-മെയിലും ചോർത്താൻ പോലീസിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ, ഏതെല്ലാം കേസുകളിൽ, ഏതെല്ലാം ജനപ്രതിനിധികളുടേതെന്ന് വെളിപ്പെടുത്തുമോ;<br><br>(ഡി) നിയമാനുസൃതം നൽകിയതായി പറയുന്ന ഇ-മെയിൽ, ഫോൺ | (സി) യും (ഡി) യും<br><br>ടെലിഫോൺ, ഇ-മെയിൽ വഴിയുള്ള ആശയവിനിമയങ്ങൾ നിരീക്ഷണത്തിൽ വയ്ക്കേണ്ടത് അനിവാര്യമായിട്ടുള്ള കേസുകളിൽ, ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് തികച്ചും നിയമാനുസൃതമായി ടെലിഫോണുകൾ നിരീക്ഷണത്തിന് വയ്ക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടു |

| | |
|---|---|
| ചോർത്തലുകൾ അനുമതികളെക്കുറിച്ച് വെളിപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ? | ണ്ട്. അതീവ രഹസ്യസ്വഭാവമുള്ളതായതിനാൽ ആരുടെയൊക്കെ ഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കാൻ അനുമതി നൽകി എന്ന് വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ